**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2827** **18-03-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി പുനരധിവാസ വികസന മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി പുനരധിവാസ വികസന മിഷന് കഴിഞ്ഞ അഞ്ച് വർഷം എത്ര രൂപ അനുവദിച്ചു; ഇതുവരെ എത്ര രൂപ ചെലവഴിച്ചു; ഓരോ വർഷവും അനുവദിച്ചതിന്റെയും ചെലവഴിച്ചതിന്റെയും പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുകയുടെയും, ചെലവഴിച്ച തുകയുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. പദ്ധതി തിരിച്ചുള്ള കണക്കുകൾ ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പാക്കിയ സെറ്റിൽമെന്റുകൾ ഏതെല്ലാമാണ്; ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണ്; പദ്ധതി നടപ്പാക്കാനുള്ള സെറ്റിൽമെന്റുകൾ ഏതെല്ലാമാണ്;വിശദമാക്കാമോ ; | (ബി) | സെറ്റിൽമെന്റ് തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ഇക്കാലത്ത് വയനാട്ടിൽ പുനരധിവാസ കേന്ദ്രങ്ങളിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചു; അതിൽ ഏതെല്ലാം പൂർത്തിയാക്കി; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വയനാട് ജില്ലയിൽ ലാസ്റ്റ് ബാങ്ക് പദ്ധതി പ്രകാരം 12.93 ഏക്കർ ഭൂമി വാങ്ങി 110 ഗുണഭോക്താക്കൾക്കു വിതരണം ചെയ്തു. വെള്ളപ്പൊക്കഭീഷണി നേരിടുന്ന 171 കുടുംബങ്ങൾക്ക് 20.47 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ സുൽത്താൻബത്തേരി താലൂക്കിൽ 172 വീടുകൾ അനുവദിച്ചിരുന്നു. ആയതിൽ 55 വീടുകൾ പൂർത്തീകരിച്ചു. ബാക്കി വീടുകൾ വിവിധ ഘട്ടങ്ങളിലായി നിർമ്മാണം പുരോഗമിച്ചു വരുന്നു. (മരകാവ്-ചേപ്പില 54 വീടുകൾ പൂർത്തീകരിച്ചു, കാക്കത്തോട് - ചാടകപ്പുര - 55 വീടുകൾ, സി.സി - ആവയൽ - 55 വീടുകൾ (1 പൂർത്തീകരിച്ചു.) കാപ്പിസെറ്റ് - 25 വീടുകൾ, കോളറാട്ടുകുന്ന് - 29 വീടുകൾ, പെരിക്കല്ലൂർ- 9 വീടുകൾ) മരകാവ്-ചേപ്പില കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, കാക്കത്തോട്-ചാടകപ്പുര കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിച്ചു. കാക്കത്തോട് - ചാടകപ്പുര വൈദ്യുതീകരണം പൂർത്തിയായി വരുന്നു. വൈത്തിരി താലൂക്കിലെ പുനരധിവാസ മേഖലകളായ സുഗന്ധഗിരി, പൂക്കോട്, പന്തുർകുന്ന്, പുതുക്കുടിക്കുന്ന്, നായ്ക്കൊല്ലിക്കുന്ന്, വെള്ളപ്പൻകണ്ടി, എന്നീ മേഖലകളിലായി അനുവദിച്ച 236 വീടുകളിൽ 42 |

| | | | |
|---|---|---|---|
| | | | വീട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കി വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. സുഗന്ധഗിരി, പൂക്കോട് മേഖലകളിലായി 80 വീടുകൾക്കു പുനരുദ്ധാരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തികൾ തുടർന്നു വരുന്നുണ്ട്. സുഗന്ധഗിരി, പൂക്കോട് മേഖലകളിൽ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു. ടി മേഖലകളിൽ അനുവദിച്ച 20 റോഡുകളിൽ 14 എണ്ണം പൂർത്തിയായിട്ടുണ്ട്. ടി മേഖലകളിൽ കാർഷിക വികസന പദ്ധതി നടപ്പിലാക്കി വരുന്നു. മാനന്തവാടി താലൂക്കിൽ 47 വീടുകൾക്കു ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | അനുവദിച്ച തുക (കോടി) | ചെലവഴിച്ച തുക (കോടി) |
|---|---|---|
| 2016-17 | 45.08 | 45.08 |
| 2017-18 | 47.31 | 44.39 |
| 2018-19 | 55.00 | 15.19 |
| 2019-20 | 50.00 | 24.57 |
| 2020-21 | 50.00 | 39.04 |

സെക്ഷൻ ഓഫീസർ